**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2490** **12-12-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ മാലിന്യ സംസ്കരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുഖേന ശുചിത്വ മാലിന്യ സംസ്കരണത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (എ) | കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്ന് വരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ കൂടാതെയുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>**ഐക്കരനാട്**- ഐക്കരനാട് ഗ്രാമപഞ്ചായത്തിൽ ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേനക്ക് മാലിന്യം നീക്കം ചെയ്യുന്നതിനായി ട്രോളി, ഇ-ഓട്ടോ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ തദ്ദേശ സ്ഥാപന തലം മുതൽ സംസ്ഥാനതലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം ഐക്കരനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു.<br><br>**കിഴക്കമ്പലം** - കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പെറ്റ് ബോട്ടിൽ സംവിധാനം ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br>**കുന്നത്തുനാട്** - കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വീടുകളിൽ ഗാർഹിക ബയോബിൻ സംവിധാനം ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br>**മഴുവന്നൂർ**- മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ബയോബിൻ സംവിധാനവും ടോയിലറ്റ് നിർമ്മാണവും ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **<u>പൂത്തൃക്ക -</u>** പൂത്തൃക്ക ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വീടുകൾക്ക് ബൊക്കാഷി ബക്കറ്റുകൾ വിതരണം ചെയ്യുന്ന പ്രവർത്തനം നടക്കുന്നു.<br><br>**<u>തിരുവാണിയൂർ -</u>** തിരുവാണിയൂർ ഗ്രാമപഞ്ചായത്തിൽ ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേനക്ക് മാലിന്യം നീക്കം ചെയ്യുന്നതിനായി ട്രോളി, ഇ-ഓട്ടോ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.<br><br>**<u>വടവുകോട്-പുത്തൻകുരിശ് -</u>** വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേനക്ക് മാലിന്യം നീക്കം ചെയ്യുന്നതിനായി ഇലക്ട്രിക്ക് വാഹന സൗകര്യം ഒരുക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ബയോബിൻ സംവിധാനവും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ സംവിധാനവും ഒരുക്കിയിട്ടുണ്ട്.<br><br>**<u>വാഴക്കുളം</u>** - വാഴക്കുളം ഗ്രാമപഞ്ചായത്തിൽ ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേനക്ക് യൂണിഫോം പോലുള്ള സൌകര്യങ്ങളും നിലവിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന മിനി എം.സി.എഫ് -ന് വാടകയും പഞ്ചായത്ത് നൽകി വരുന്നു |
| (ബി) | ഇതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | മാലിന്യ സംസ്കരണത്തിനായി കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ എം.സി.എഫ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്ന് വരുന്നു. കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനക്ക് മാലിന്യ സംസ്കരണത്തിന്റെ സുഗമമായ നടത്തിപ്പിനായി ട്രോളി, ഇലക്ട്രിക് വാഹനം എന്നിവ വാങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൂത്തൃക്ക ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി പൊതു സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഹരിതകർമ്മസേനക്ക് മാലിന്യ സംസ്കരണത്തിന്റെ സുഗമമായ നടത്തിപ്പിനായി ട്രോളി, ഇലക്ട്രിക് വാഹനം എന്നിവ വാങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മിനി എം.സി.എഫ്, ഖരമാലിന്യ |

| | | | |
|---|---|---|---|
| | | | സംസ്കരണപ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ